## വചനസന്ദേശം

**ഫാ. ജോമോൻ ശങ്കൂരിക്കൽ**

ഇന്ന് ഫലാഗമകാലം നാലാം ഞായറാഴ്ച. എന്തുഫലമാണ് സഭാതനയരിൽ നിന്നും ഈശോ പ്രതീക്ഷിക്കുക: വിശ്വാസവും വിശുദ്ധിയുമുള്ളവരാകുക എന്നതാണാ ഫലം.

എന്താണ് വിശുദ്ധി? ചിന്തയും വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമാണ് വിശുദ്ധി എന്നാണ് ഒരു ആദ്ധ്യാത്മികഗുരു നൽകുന്ന ഉത്തരം. "ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നും വളരെ ദൂരെയാണ്." എന്ന് ഏശയ്യാ പ്രവാചകനെ ഉദ്ധരിക്കുമ്പോൾ ഈശോ കുറ്റപ്പെടുത്തുന്നത് ഫരിസേയരുടെയും നിയമജ്ഞരുടേയും നേർരേഖയിലല്ലാത്ത ചിന്തകളേയും വാക്കുകളേയും പ്രവൃത്തികളേയുമാണ്.

"വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സംപൂർണ്ണതയ്ക്കും" എന്ന ചിന്താവിഷയം സ്വീകരിച്ചിരിക്കുന്ന തൃതീയ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗരേഖ 7-ാം നമ്പറിൽ വിശ്വാസജീവിതവും അനുദിനജീവിതവും തമ്മിൽ ബന്ധമില്ലാത്ത അവസ്ഥയെ സൂചിപ്പിക്കാൻ ഇതേ വചനം തന്നെ ഉദ്ധരിക്കുന്നുണ്ട്. സീറോമലബാർ വിശ്വാസികളെന്നതിനേക്കാളുപരി മലയാളികളുടെ പൊതുസ്വഭാവമായി കാപട്യം മാറുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാക്കനാടും കൊച്ചിയിലും നടക്കുന്ന മാലിന്യപ്രശ്നങ്ങളെക്കുറിച്ചുള്ള വാർത്തകൾ, സ്വന്തവീടിന്റെ ബാഹ്യശുദ്ധിക്ക് അപരന്റെ സ്ഥലം ഉപയോഗിക്കുന്ന ഹൃദയത്തിന്റെ ദുഷ്ടതയ്ക്ക് ഉദാഹരണങ്ങളല്ലേ.

കാര്യസാദ്ധ്യത്തിനായി ഹൃദയത്തിലൊന്നു നിരൂപിക്കുകയും മറ്റൊന്നു പറയുകയും വേറൊന്നു പ്രവർത്തിക്കുകയും ചെയ്യുന്ന രീതികൾ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ആപത്കരമാണ്. നമ്മുടെയൊക്കെ വിശ്വാസജീവിതത്തിന്റെ കാപട്യം തുറന്നു കാണിക്കുന്ന ഒരു നുറുങ്ങു പരിഹാസ കഥ മനുഷ്യസ്നേഹിയിൽ പ്രസിദ്ധീകരിച്ചതോർക്കുന്നു. ഒരു മനുഷ്യൻ ബഹിരാകാശത്തുപോയി തിരിച്ചുവന്നു. വിശേഷങ്ങളറിയാൻ നാട്ടുകാർ ഒത്തുകൂടി. ആദ്യം വന്നത് ഒരു നിരീശ്വരവാദിയായിരുന്നു. അയാൾ ചോദിച്ചു: "താൻ ബഹിരാകാശത്ത് ദൈവത്തെ കണ്ടോ?" സഞ്ചാരി സന്തോഷത്തോടെ "കണ്ടു, ഞാൻ കണ്ടു" എന്നുപറഞ്ഞു. ഉടൻ നിരീശ്വരവാദി പറഞ്ഞു. "എനിക്കറിയാം അവിടെ കാണുമെന്ന്. എന്നാൽ താനിതാരോടെങ്കിലും പറഞ്ഞാൽ കാല് ഞാൻ തല്ലിയൊടിക്കും." അയാളെ ഭീഷണിപ്പെടുത്തി നിരീശ്വരവാദി കടന്നുപോയി. തുടർന്നു വന്നത് ഒരു ഈശ്വരവിശ്വാസിയായിരുന്നു. വലിയ പ്രതീക്ഷയില്ലാതെ അയാൾ ചോദിച്ചു. "താൻ ബഹിരാകാശത്തൊക്കെ പോയതല്ലേ. അവിടെ താനെങ്ങാൻ ദൈവത്തെ കണ്ടോ?" കണ്ടു എന്നു പറയാൻ നാവെടുത്ത സഞ്ചാരി നിരീശ്വരവാദിയുടെ ഭീഷണിയോർത്ത് "ഇല്ല; ഞാൻ കണ്ടില്ല." എന്നുപറഞ്ഞു. ഈശ്വരവിശ്വാസി ആത്മഗതമായി പറഞ്ഞു: "എനിക്കറിയാം അവിടെ കാണില്ലാന്ന്." നോക്കുക; വിശ്വാസി എന്നു നടിക്കുന്നവന്റെ ഹൃദയവിചാരങ്ങൾ. അവന്റെ വിശ്വാസ ജീവിതത്തിന്, ദൈവത്തോടുള്ള ബന്ധത്തിന് നിയോഗശുദ്ധിയും ഉറപ്പും ഇല്ലാതെ പോകുന്നു. ഹൃദയത്തിലൊന്നു നിരൂപിച്ച് മറ്റൊന്നു നടിക്കുന്നു.

ഇവിടെയാണ് "ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും" എന്ന മലയിലെ പ്രസംഗത്തിലെ ഈശോയുടെ വചനങ്ങളെ നമ്മൾ ധ്യാനിക്കേണ്ടത്. ബാഹ്യമായ ശുദ്ധിയല്ല, അധരങ്ങൾ കൊണ്ടുള്ള പുകഴ്ത്തലല്ല; മറിച്ച് ഹൃദയങ്ങൾ തന്റെ പക്കലേയ്ക്കുയർത്തുന്നവനെയാണ് ദൈവം ഇഷ്ടപ്പെടുക. അവനാണ് യഥാർത്ഥത്തിൽ ശുദ്ധിയുള്ളവൻ; വിശുദ്ധൻ. ജീവിതത്തിൽ വിശ്വാസവിശുദ്ധി, ചിന്തയും വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം സ്വന്തമാക്കാനാണ് ഈശോ ആവശ്യപ്പെടുക.

ഹൃദയശുദ്ധി ദൈവത്തോടുള്ള ബന്ധത്തിൽ (വിശ്വാസത്തിൽ) മാത്രമല്ല സഹോദരങ്ങളോടുള്ള ബന്ധത്തിലും നാം പുലർത്തേണ്ടതുണ്ട്. അതുകൊണ്ടാണ് 22-ാം വാക്യത്തിൽ വഞ്ചന, ദുശ്ചിന്ത, ദുഷ്ടത (സഹോദരനെ നശിപ്പിക്കാനുള്ള ഗൂഢാലോചനകളും പദ്ധതിയിടലും), പരസംഗം, മോഷണം (തനിക്കുള്ളിൽ തൃപ്തനല്ലാതെ അപരന്റേതുകൂടി അനർഹമായി കൈക്കലാക്കുന്ന അക്രമരീതി), കൊലപാതകം (ജീവനെതിരേയുള്ള നിലപാടുകൾ) വ്യഭിചാരം, ഭോഗാസക്തി (ശാരീരിക, മാനസിക അശുദ്ധികൾ), അസൂയ (അന്യന്റെ നന്മയിലും ഉയർച്ചയിലും ദുഃഖിക്കുക), ദൂഷണം (സഹോദരന്റെ സൽപേര് നശിപ്പിക്കൽ) എന്നിങ്ങനെ ഒരുവനെ അശുദ്ധനാക്കുന്ന തിന്മകളിൽനിന്ന് അകന്ന് നിൽക്കണമെന്ന് ഈശോ പഠിപ്പിക്കുക. ഓരോ പ്രവൃത്തി ചെയ്യുമ്പോഴും അതിന്റെ പിന്നിലുള്ള നിയോഗശുദ്ധി, ഹൃദയശുദ്ധി, ആണ് ഒരുവനെ സഹോദരനുമായി നല്ല ബന്ധത്തിൽ നയിക്കുക. അങ്ങനെയുള്ളവനാണ് വിശുദ്ധൻ.

ദൈവത്തിന്റെ കല്പന ഉപേക്ഷിച്ച് മാനുഷികപാരമ്പര്യങ്ങൾ മുറുകെപ്പിടിക്കുന്ന ഫരിസേയരെയും നിയമജ്ഞരെയും വിമർശിച്ച ഈശോയുടെ ചൂണ്ടുവിരലുകൾ നമുക്കു നേരേയും ഉയരുന്നുണ്ടോ എന്ന് നമ്മൾ ആത്മശോധന ചെയ്യേണ്ടതുണ്ട് ദൈവവചനം സ്വീകരിക്കാനും വളർത്താനും നല്ല നിലത്തിനേ കഴിയൂ എന്ന് വിതക്കാരന്റെ ഉപമ വിശദീകരിക്കുമ്പോൾ ലൂക്കാ 8:15-ൽ ഈശോ പഠിപ്പിക്കുന്നുണ്ട്. "നല്ല നിലത്തു വീണതോ, വചനംകേട്ട്, ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ച് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവരാണ്." ഈ ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയം സ്വന്തമാക്കുമ്പോഴാണ് മാനുഷിക കൽപനകളെ മാറ്റിവച്ച് ദൈവകല്പന പാലിക്കുന്നവരായിത്തീരാൻ നമുക്കു സാധിക്കുക. പരിശുദ്ധനായവനോട് ചേർന്നിരിക്കാൻ, നിർമ്മലമായ ഒരു ഹൃദയം, ശുദ്ധിയുള്ള ഹൃദയം എനിക്കു നൽകണമേ എന്ന് പ്രാർത്ഥിക്കാം.

നിർമ്മലവും ഉത്കൃഷ്ടവുമല്ലാത്ത ഹൃദയമുള്ളവർ എങ്ങിനെയാണ് ദൈവവചനം തിരസ്കരിച്ച് മാനുഷിക പാരമ്പര്യങ്ങൾ മുറുകെപ്പിടിക്കുന്നത് എന്ന് വിശദീകരിക്കാൻ ഈശോ പറഞ്ഞ ഉദാഹരണം നമ്മെ സംബന്ധിച്ചും പ്രസക്തമാണോ എന്ന് നമ്മൾ ആത്മശോധന ചെയ്യണം. മാതാപിതാക്കളോടുള്ള കടമകൾ 'കുർബ്ബാൻ' എന്ന വഴിപാടിന്റെ പേരിൽ മറക്കുന്ന മക്കളെയും അതിനു കൂട്ടുനിൽക്കുന്ന നേതാക്കന്മാരെയുമാണ് ഈശോ കുറ്റപ്പെടുത്തുക. ഒരു നിമിഷം ചിന്തിക്കുക. വാർദ്ധക്യത്തിൽ മാതാപിതാക്കളെ പരിചരിക്കുന്നതിൽ നിന്നും മക്കളെ പിന്തിരിപ്പിക്കുന്ന കാരണങ്ങളെന്തൊക്കെയാണ്. വൃദ്ധരായ മാതാപിതാക്കളെ ഒരുക്കി പള്ളിയിലേക്ക് കൊണ്ടുവരണമെങ്കിൽ ഭയങ്കര ബുദ്ധിമുട്ടാണ്; സമയം കളയുന്ന പരിപാടിയാണ്. കാരണം അവരുടെ താളത്തിനൊത്ത് സാവധാനമാകും യാത്രയുടെ ഗതി. ഓർത്തു നോക്കുക. നിങ്ങൾ ശിശുക്കളായിരുന്നപ്പോൾ നിങ്ങളുടെ താളത്തിനൊത്ത് സാവധാനം നിങ്ങളുടെ കൈപിടിച്ച് നടത്തിയതും, ക്ഷമയോടെ ഓരോ സ്ഥലങ്ങളിൽ കൊണ്ടുപോയി സമൂഹത്തിൽ നിങ്ങളെ പരിചയപ്പെടുത്തിയതും ആരാണ്. ഈ മാതാപിതാക്കളല്ലേ.

കിടപ്പിലായ അപ്പനോ അമ്മയോ എന്തെങ്കിലും ആവശ്യത്തിന് വിളിച്ചാൽ വിളി കേൾക്കുന്ന ദൂരത്തിൽ എത്ര മക്കളുണ്ട്? അവരുടെ കാര്യങ്ങൾ നടത്തിക്കൊടുക്കുന്നതിൽ നീ എത്രമാത്രം ബദ്ധശ്രദ്ധനാണ്. ഓർക്കുക നീ ശിശുവായിരുന്നപ്പോൾ ഉറക്കമുണർന്നപ്പോഴും ഉറുമ്പുകടിച്ചപ്പോഴും കൈപൊക്കി കരഞ്ഞപ്പോൾ, ഓടി വന്നെടുത്ത് മാറോടണച്ച് നിന്റെ ആവശ്യങ്ങൾ നിറവേറ്റിത്തന്നത് നിന്റെ മാതാപിതാക്കളല്ലേ. നീ ഒന്നനങ്ങിയാൽ കേൾക്കാൻ തക്ക ദൂരത്തിലേ അവർ സഞ്ചരിച്ചിട്ടുള്ളൂ. എന്നാൽ നീ അവരിൽനിന്നും എന്തുമാത്രം ദൂരെയാണ്?

നിനക്ക് ആഹാരം തരാൻ ഈ മാതാപിതാക്കൾ എത്രമാത്രം ബുദ്ധിമുട്ടിയിടടുണ്ട്. എത്രയോ തവണ ഭക്ഷണം കഴിക്കുന്നതിലുള്ള നിന്റെ അശ്രദ്ധമൂലം വീട് വൃത്തിയാക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാലിപ്പോൾ ഭക്ഷണം കഴിക്കുമ്പോൾ ഡൈനിംഗ് ടേബിൾ വൃത്തികേടാക്കും അതിഥികളുടെ കൂടെ ഇരുത്തിയാൽ ശരിയാവില്ല തുടങ്ങി എത്രയോ കാരണങ്ങൾ പറഞ്ഞ് വൃദ്ധമാതാപിതാക്കൾക്ക് പിന്നാമ്പുറത്ത് ഭക്ഷണം നൽകിയിട്ടുണ്ട്.

എത്രയോ തവണ നീ മൂത്രമൊഴിച്ചപ്പോഴും, വിസർജ്ജിച്ചപ്പോഴും അവർ നിന്നെ ശുചിയാക്കിയിട്ടുണ്ട്. പ്രായമായപ്പോൾ അവരുടെ ആവശ്യങ്ങൾ നിനക്ക് ബുദ്ധിമുട്ടായി മാറിയില്ലേ? ഓർക്കുക നിന്റെ കുട്ടിക്കാലത്ത് മാതാപിതാക്കൾ നിനക്കു ചെയ്തുതന്നെ കാര്യങ്ങളും വാർദ്ധക്യകാലത്ത് നീയവർക്ക് ചെയ്തുകൊടുക്കുന്ന കാര്യങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകളെന്തൊക്കെ? നിന്റെ ഹൃദയത്തിൽ ഉയരുന്ന ചോദ്യമെന്താണ്? ഞാനും 'കുർബാൻ' വഴിപാടു നടത്തി എന്റെ സ്വാർ ത്ഥതാത്പര്യങ്ങളെ മുറുകെപിടിച്ച് ദൈവവചനത്തെ നിരർത്ഥകമാക്കുന്നുണ്ടോ?

ദൈവത്തോടും, സഹോദരങ്ങളോടും, വിശിഷ്യാ മാതാപിതാക്കളോടുമുള്ള ബന്ധത്തിൽ വിശുദ്ധി പുലർത്താൻ, ദൈവവചനം പാലിക്കുന്നവരാകാൻ നിർമ്മലമായ ശുദ്ധിയുള്ള ഹൃദയം നൽകണമെ....